പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3303      16.12. 2015-ൽ മറുപടിക്ക്

# നഗരങ്ങളിൽ എല്ലാവർക്കും വീട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളിൽ എല്ലാവർക്കും വീട് എന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) (1) സ്വന്തമായി സ്ഥലമുള്ള എന്നാൽ ഭവനരഹിതരായിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവർ) /താഴ്ന്ന വരുമാനമുള്ള (3-6 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർ) കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (ഇ.ഡബ്ല്യൂ.എസ്) കുടുംബ ങ്ങൾക്ക് 30 സ്ക്വ.മീറ്റർ ഭവനം നിർമ്മിക്കുന്നതിനും താഴ്ന്ന വരുമാനമുള്ള കുടുംബങ്ങൾക്ക് (എൽ.ഐ.ജി) 60 സ്ക്വ.മീറ്റർ ഭവനം നിർമ്മിക്കുന്നതിനുമായി 6.5% പലിശ സബ്സിഡിയിൽ 6 ലക്ഷം രൂപ വരെ 15 വർഷം തിരിച്ചടവ് കാലാവധിയോടു കുടി ബാങ്കുകൾ വഴി ലോൺ ലഭ്യമാക്കുന്നു.<br><br>(2) 300 പേർ / 60-70 കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ചേരികളിൽ സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ നിബന്ധനകൾക്കനുസൃതമായി ഭവന- അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.<br><br>(3) സ്വകാര്യ ഭവനനിർമ്മാണ പദ്ധതികളിൽ 35% ഭവനങ്ങൾ സാമ്പത്തിക മായി പിന്നാക്കം നിൽക്കുന്ന (ഇ.ഡബ്ല്യൂ.എസ്) കുടുംബങ്ങൾക്ക് സർക്കാർ നിബന്ധനകൾക്കനുസൃതമായി താങ്ങാവുന്ന വിലയിൽ ലഭ്യമാക്കുക. |

| | | | |
|---|---|---|---|
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 8.12.2015 ന് ബഹു:മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി നിർവ്വഹിച്ചു. പദ്ധതി നടപ്പിലാക്കുന്നതിനായി അർബൻ ഹൗസിംഗ് മിഷൻ എന്ന ഏജൻസിയെ സംസ്ഥാനതല നോഡൽ ഏജൻസിയായി നിയമിച്ചു. നോഡൽ ഏജൻസി സംസ്ഥാനതലത്തിൽ നഗരസഭാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തി നൽകി. പദ്ധതി നടപ്പിലാക്കുന്നതിനായി വ്യക്തമായ സമയക്രമവും നിർദ്ദേശവും നൽകിയിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിലെ സെക്രട്ടറി/ചെയർമാൻ തുടങ്ങിയവർക്കായി ശില്പശാലകൾ സംഘടിപ്പിച്ചു. നഗരസഭാ തലത്തിൽ പദ്ധതി വിഷയം അജണ്ടയാക്കിയ സ്പെഷ്യൽ കൗൺസിലുകൾ സംഘടിപ്പിച്ചു. സർവെയർമാരെ തെരഞ്ഞെടുക്കൽ, പരിശീലനം, സർവ്വേ തുടങ്ങിയ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ